പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.447 | 27.09.2011ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി | |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടേയും ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) | സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർ മാരുടേയും ഹോണറേറിയത്തിൽ സംസ്ഥാന വിഹിതം 550/- രൂപയിൽ നിന്ന് 1000/- രൂപയായി ആഗസ്റ്റ് 2011 മുതൽ പ്രാബല്യത്തിൽ വരുത്തി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും പണിയുന്നതിന് ധനസഹായം നൽകുമോ ; പല അംഗൻവാടികളും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ട്. അംഗൻ വാടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ അംഗൻവാടികൾക്ക് ആവശ്യമായ ബാഹ്യസൗകര്യങ്ങളും കെട്ടിടവും ലഭ്യമാക്കേണ്ടത് പഞ്ചായത്തുകളാണ്. എന്നാൽ സ്വന്തമായി സ്ഥലം ലഭ്യമായ അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനായി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |

| | | | |
|---|---|---|---|
| | | | സംസ്ഥാന ഫണ്ടിൽ നിന്നും സർക്കാർ അനുമതിയോടെ 3,50,000 രൂപ വീതം അനുവദിക്കുന്നുണ്ട്. |
| (സി) | അംഗൻവാടി ഹെൽപ്പർമാരേയും വർക്കർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ